പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2868

20.03.2015 – ൽ മറുപടിയ്ക്ക്

ചെറുകിട കയർ ഫാക്ടറി ഉടമകളുടെയും തൊഴിലാളികളുടെയും വായ്പകൾ എഴുതിത്തള്ളുന്നത്

| ചോദ്യം<br><br>ശ്രീ.പി.തിലോത്തമൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി |
|---|---|
| എ) കയർ മേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധികൾ മൂലം വായ്പയെടുത്ത് കയർ ഷെഡ്ഡുകളും ചെറുകിട കയർ ഫാക്ടറികളും മറ്റും തുടങ്ങിയ കയർ തൊഴിലാളികളുടേയും ചെറുകിട കയർ ഫാക്ടറി ഉടമകളുടേയും വായ്പകൾ എഴുതിത്തള്ളുന്നതിന് ഈ സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) കയർ തൊഴിലാളികളുടേയും ചെറുകിട ഫാക്ടറി ഉടമകളുടേയും വായ്പകൾ എഴുതിത്തള്ളുന്നതിന് നിലവിൽ പദ്ധതികളൊന്നും ഇല്ല. |
| ബി) സഹകരണ ബാങ്കുകളിൽ നിന്നും ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും മറ്റും ഇപ്രകാരം എടുത്തിട്ടുള്ള വായ്പകളിൽ ഒരു ലക്ഷം വരെയുള്ളവ എഴുതിത്തള്ളുന്നതിനോ അവയുടെ പലിശ പൂർണ്ണമായും ഒഴിവാക്കുന്നതിനോ നിലവിൽ എന്തെങ്കിലും പദ്ധതികളുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം ഒരു പദ്ധതി നടപ്പിലാക്കുമോ; | ബി) സഹകരണ ബാങ്കുകളിൽ നിന്നും ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും മറ്റും കയർ തൊഴിലാളികളും ചെറുകിട ഫാക്ടറി ഉടമകളും എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനോ അവയുടെ പലിശ പൂർണ്ണമായും ഒഴിവാക്കുന്നതിനോ നിലവിൽ പദ്ധതികളൊന്നും ഇല്ല. |

സെക്ഷൻ ഓഫീസർ